# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :4879 05.02.2014-ൽ മറുപടിയ്ക്ക്

## ഉല്പാദന മേഖലയ്ക്ക് ഫണ്ട് വകയിരുത്താതെ പദ്ധതി അംഗീകാരം

| ചോദ്യം<br>ശ്രീ.ബാബു എം.പാലിശ്ശേരി | മറുപടി<br>ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
|---|---|
| (എ) ഗ്രാമപഞ്ചായത്തുകൾ കൃഷി അടക്കമുള്ള ഉല്പാദന മേഖലയ്ക്ക് ഫണ്ട് വകയിരുത്തിയില്ലെങ്കിലും പദ്ധതി അംഗീകരിച്ചു നൽകാമെന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; | (എ) 18.08.2012-ലെ സ.ഉ(എം.എസ്) 225/12/തസ്വഭവ നമ്പർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഉല്പാദന മേഖലയിലെ പ്രോജക്ടുകൾക്ക് പരിധി നിശ്ചയിച്ചിട്ടില്ല. ഫണ്ട് വിനിയോഗത്തിന് ഗ്രാമ പഞ്ചായത്തുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. |
| (ബി) ഈ നിലപാട് കാർഷിക മേഖലയുടെ തകർച്ചയ്ക്ക് ഇടവരുത്തുമെന്ന വിദഗ്ദ്ധരുടെ അഭിപ്രായം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപെട്ടിട്ടില്ല |
| (സി) ഉണ്ടെങ്കിൽ വിദഗ്ദ്ധരുടെ അഭിപ്രായം കണക്കിലെടുത്ത് കൃഷി അടക്കമുള്ള ഉല്പാദന മേഖലയ്ക്ക് ആവശ്യമായ തുക വകയിരുത്തണമെന്ന നിർദ്ദേശം ഗ്രാമപഞ്ചായത്തുകൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ ; | (സി) ബാധകമല്ല |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | 18.08.2012-ലെ സ.ഉ(എം.എസ്) 225/12/തസ്വഭവ നമ്പർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിന് കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് പൊതു വിഭാഗം വികസന ഫണ്ടിൽ പശ്ചാത്തലമേഖലയ്ക്ക് ചെലവാക്കാവുന്ന പരമാവധി 45 ശതമാനമാണ്. വനിതാഘടക പദ്ധതിക്കുള്ള 10 ശതമാനവും കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ തുടങ്ങിയവയ്ക്ക് ചുരുങ്ങിയത് 5 ശതമാനവും നീക്കിവച്ചു കഴിഞ്ഞാൽ പൊതുവികസന ഫണ്ടിൽ നിന്നും ഓരോ ഗ്രാമപഞ്ചായത്തുകൾക്കും അവയുടെ ഭൂപ്രകൃതിയും സാഹചര്യവുമനുസരിച്ച് 85% വരെ ഫണ്ട് ഉത്പാദന മേഖലയ്ക്ക് ചെലവഴിക്കാൻ കഴിയുന്ന രീതിയിലാണ് ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 2014-15-ൽ പൊതുവിഭാഗം വികസന ഫണ്ടിൽ ഉത്പാദന മേഖലയിൽ ഗ്രാമപഞ്ചായത്തുകൾ 15.33% ഫണ്ട് നീക്കി വച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**